പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 783 — 17.07.2014 ലെ മറുപടിയ്ക്ക്

# കേരള ടൂറിസം പ്രൊമോഷൻ ആന്റ് മാർക്കറ്റിംഗ്

| ചോദ്യം<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ. ലൂഡി ലൂയിസ് | | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | സംസ്ഥാനത്ത് കേരള ടൂറിസം പ്രൊമോഷൻ ആന്റ് മാർക്കറ്റിംഗ് സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ; | എ), ബി), സി) & ഡി) | ഇല്ല. എന്നാൽ 2012-13 ലെ വാർഷിക പദ്ധതിയിൽ അന്തർദേശീയതലത്തിൽ വിനോദസഞ്ചാര വിപണനം നടത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഗവൺമെന്റും സ്വകാര്യമേഖലയും സംയുക്തമായി പി.പി.പി മാതൃകയിൽ ഒരു കൂട്ടായ സംരംഭം ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിരുന്നു.<br>ഈ സംരംഭത്തിൽ 26 ശതമാനം സർക്കാർ വിഹിതമായും 74 ശതമാനം സ്വകാര്യ മേഖലയുടെ വിഹിതമായും സ്വരൂപിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. കേരളത്തെ ഒരു ആഗോള ടൂറിസം ബ്രാൻഡായി മാറ്റിയെടുക്കുന്നതിനായി വൈവിധ്യമാർന്ന ടൂറിസം വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയായിരുന്നു പദ്ധതിയുടെ പ്രധാന ലക്ഷ്യം. എന്നാൽ പദ്ധതിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് അനുയോജ്യരായ സ്വകാര്യ പങ്കാളികൾ സന്നദ്ധരാകാത്ത സാഹചര്യത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ഉദ്ദേശിച്ചിരുന്നത് പോലെ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല.<br>എങ്കിലും 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ഇതിനായി കേരള ടൂറിസം പ്രൊമോഷൻ & മാർക്കറ്റിംഗ് മെക്കാനിസം എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന ഫണ്ട് ദേശീയ തലത്തിലും അന്തർ ദേശീയതലത്തിലും നടത്തുന്ന ടൂറിസം മാർക്കറ്റിംഗിനും പ്രചാരണ പ്രവർത്തനങ്ങൾക്കുമായി വിനിയോഗിച്ചിട്ടുണ്ട്.<br>ടൂറിസം മേഖലയിലെ പ്രമുഖ സംരംഭകരും ഉന്നത ഉദ്യോഗസ്ഥരുമടങ്ങുന്ന ഉപദേശക സമിതിയുടെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്താണ് ടൂറിസം |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ ; | | |
| സി) | ആരെല്ലാമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നതെന്ന് വിശദമാക്കാമോ; | | |
| ഡി) | പദ്ധതി നിർവ്വഹണത്തിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ ? | | |

| | | | |
|---|---|---|---|
| | | | വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ടൂറിസം വകുപ്പ് പങ്കെടുക്കുന്ന പ്രധാനപ്പെട്ട ടൂറിസം മേളകളിലും റോഡ് ഷോകളിലും സ്വകാര്യ മേഖലയിലെ മികച്ച സംരംഭകരുടെ കൂടി പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനാൽ സർക്കാർ - സ്വകാര്യപങ്കാളിത്തം എന്ന ആശയം ഒരു പരിധിവരെ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ